**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1314** **04-07-2022 - ൽ മറുപടിയ്ക്ക്**

**കാരവൻ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാരവൻ ടൂറിസം പദ്ധതി ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; പദ്ധതി ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് കാരവൻ ടൂറിസം പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി കാരവൻ ടൂറിസം പോളിസി പുറത്തിറക്കിയിട്ടുണ്ട്. ഈ രംഗത്ത് മുതൽ മുടക്കാൻ ആഗ്രഹിക്കുന്ന സംരംഭകരേയും കാരവൻ നിർമ്മിക്കുന്ന സ്ഥാപനങ്ങളുടേയും യോഗം വിളിച്ചുകൂട്ടി ആവശ്യമായ മാർഗനിർദ്ദേശം നൽകിയിട്ടുണ്ട്. നിബന്ധനകൾക്ക് വിധേയമായി കാരവാനുകൾക്ക് നിശ്ചിത ധനസഹായം നൽകാനും തീരുമാനിച്ചിട്ടുണ്ട്. ഗതാഗത വകുപ്പുമായി ചേർന്ന് കാരവാൻ രജിസ്ട്രേഷന് പ്രത്യേക സൗകര്യവും ഒരുക്കി. കാരവാൻ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് വാടകയ്ക്ക് എടുക്കുന്നതും കരാറിൽ ഏർപ്പെട്ടതുമായ കാരവാനുകളുടെ ത്രൈമാസ നികുതി KMVT നിയമം 1976 ലെ ഷെഡ്യൂളിൽ പ്രതിപാതിച്ചിരിക്കുന്ന നിരക്കിൽ ഭേദഗതി വരുത്തി സ്ക്വയർ മീറ്ററിന് 1000 രൂപയിൽ നിന്നും 500 രൂപയായി കുറയ്ക്കാൻ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു.  കൂടാതെ കാരവൻ ടൂറിസം പദ്ധതിയുടെ വിജയത്തിനാവശ്യമായ മാർക്കറ്റിംഗ് പ്രവർത്തനങ്ങളും നടത്തിവരുന്നു. |
| (ബി) | ആദ്യഘട്ടമായി എവിടെയെല്ലാമാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | കാരവനുകൾ സംസ്ഥാന വ്യാപകമായി സർവ്വീസ് തുടങ്ങിക്കഴിഞ്ഞു. ആദ്യഘട്ടത്തിൽ വാഗമണ്ണിൽ സ്വകാര്യ മേഖലയിൽ കാരവൻ പാർക്ക് പ്രവർത്തനം ആരംഭിച്ചു. കൂടാതെ സംസ്ഥാനത്തിന്റെ പല ഭാഗത്തായി സ്വകാര്യ സംരംഭകരുടെ നേതൃത്വത്തിൽ കാരവൻ പാർക്കുകളുടെ നിർമ്മാണം പൂർത്തിയാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ